**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **08-02-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് വിവിധ വിനോദസഞ്ചാര മേഖലകളിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് നിലവിലുള്ളതെന്ന് വിശദവിവരം നല്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ സ്ഥിരമായ ബസ് സർവീസുകൾ വിനോദസഞ്ചാര മേഖലയിലേക്ക് നടത്തുന്നില്ല. നിലവിൽ ചങ്ങനാശ്ശേരി യൂണിറ്റിൽ നിന്നും യാത്രക്കാരുടെ ലഭ്യതയനുസരിച്ച് മൂന്നാർ, ഗവി, കൊല്ലം എന്നീ പാക്കേജുകൾ നടത്തി വരുന്നുണ്ട്. |
| (ബി) | ഇത്തരം സർവ്വീസുകൾ കൂടുതൽ വിനോദസഞ്ചാര മേഖലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>യാത്രക്കാരുടെ ആവശ്യം അനുസരിച്ച് കൂടുതൽ വിനോദ സഞ്ചാര മേഖലകളിലേക്ക് സർവീസുകൾ വ്യാപിപ്പിക്കുന്നതാണ്. |
| (സി) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് വിനോദസഞ്ചാര മേഖലകളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. നടത്തുന്ന സർവ്വീസുകൾ ലാഭകരമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ? | (സി) | ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് നാളിതുവരെ എട്ട് ടൂർ ട്രിപ്പുകൾ നടത്തിയിട്ടുണ്ട്. ആയതിൽ നിന്നും 2,17,239/- രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ ലാഭകരമായിട്ടാണ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ